# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2724 | 09.05.2017-ൽ മറുപടിയ്ക്ക് |
|---|---|

**ശുചിത്വമിഷനും ഖരമാലിന്യ സംസ്കരണവും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) ഖരമാലിന്യങ്ങൾ ശരിയായി സംസ്കരിക്കാൻ കഴിയാതെ പോകുന്നത് പല സാമൂഹിക പ്രശ്നങ്ങൾക്കും കാരണമാകുന്നതിനാൽ ആയത് ഭംഗിയായും കുറ്റമറ്റതായും നിർവ്വഹിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ; | (എ) അതാത് പ്രദേശങ്ങളിലെ മാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്തുകളുടേയും, മുനിസിപ്പാലിറ്റികളുടേയും, മുനിസിപ്പൽ കോർപ്പറേഷനുകളുടേയും, ഉത്തരവാദിത്തമാണ്. പ്രസ്തുത സ്ഥാപനങ്ങൾ മുഖേന ഖരമാലിന്യ സംസ്കരണ പദ്ധതികൾ കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിലേയ്ക്ക് ചുവടെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.<br>1. ഉറവിട മാലിന്യ സംസ്ക്കരണം, വീടുകളിലും, സ്ഥാപനങ്ങളിലും, കമ്മ്യൂണിറ്റി തലത്തിലും.<br>2. നിലവിലുള്ള പൊതുപ്ലാന്റുകളുടെ അറ്റകുറ്റപണികളും അപ്ഗ്രഡേഷനും.<br>3. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കൽ. തരംതിരിക്കപ്പെട്ട അജൈവമാലിന്യം പുന:ചംക്രമണത്തിനായി കൈമാറ്റം ചെയ്യൽ.<br>4. മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ.<br>5. പുനരുപയോഗ സാധ്യമായ സാധനങ്ങൾ പരമാവധി ഉപയോഗിക്കാൻ പ്രേരിപ്പിക്കൽ, പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനുമുള്ള ക്യാമ്പയിൻ, ബദൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കൽ, ബദൽ ഉത്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ.<br>6. പുന:ചംക്രമണ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ.<br>7. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സംരംഭകർക്ക് പ്രോത്സാഹനം നൽകൽ.<br>8. പ്ലാസ്റ്റിക്, ഇ-വേസ്റ്റ് മാലിന്യ പരിപാലനത്തിന് എക്സ്റ്റന്റഡ് പ്രൊഡ്യൂസേഴ്സ് റെസ്പോൺസിബിലിറ്റി ബാധകമാക്കുന്നതിലേയ്ക്കുള്ള നടപടികൾ.<br>9. 50 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗവും, വിപണനവും നിയന്ത്രിക്കൽ.<br>10. ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.<br>11. ബന്ധപ്പെട്ട സ്റ്റേക് ഹോൾഡർമാർക്കുള്ള ശേഷീവികസന പരിപാടികൾ. |

<table>
<tr><td>(ബി)</td><td>നാളിതുവരെയായി ശുചിത്വ മിഷൻ സംസ്ഥാനത്ത് എന്തെല്ലാം പ്രവൃത്തികൾ മാലിന്യ നിർമ്മാർജ്ജനത്തിനായി ചെയ്തിട്ടുണ്ട്; ഓരോ പ്രവൃത്തിക്കും എത്ര തുക വീതം അനുവദിച്ചു; എത്ര ചെലവഴിച്ചു; വ്യക്തമാക്കുമോ;</td><td>(ബി)</td><td>മാലിന്യ നിർമ്മാർജ്ജന പ്രവൃത്തികൾ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നടപ്പിലാക്കുന്നത്. ശുചിത്വ മിഷൻ മാലിന്യ സംസ്കരണ പദ്ധതികൾക്ക് ആവശ്യമായ സാങ്കേതിക സഹായവും സർക്കാർ വിഹിതമായ സാമ്പത്തിക സഹായവും നൽകി വരുന്നുണ്ട്.<br>ശുചിത്വ മിഷൻ മുഖേനയുള്ള മാലിന്യ സംസ്കരണ പദ്ധതികൾക്ക് അനുവദിച്ചതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.
<table>
<tr><th>പദ്ധതി</th><th>അനുവദിച്ച തുക<br>(കോടി രൂപയിൽ)</th><th>ചെലവഴിച്ച തുക<br>(കോടി രൂപയിൽ)</th></tr>
<tr><td>ശുചിത്വ കേരളം (റൂറൽ)</td><td>109.1</td><td>88.68</td></tr>
<tr><td>ശുചിത്വ കേരളം (അർബൻ)</td><td>94.08</td><td>77.81</td></tr>
<tr><td>സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)</td><td>424.99</td><td>424.99</td></tr>
<tr><td>സ്വച്ഛ് ഭാരത് മിഷൻ (അർബൻ)</td><td>63.2</td><td>29.28</td></tr>
</table></td></tr>
<tr><td>(സി)</td><td>ഖരമാലിന്യ സംസ്കരണത്തിനായി എന്തെങ്കിലും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;</td><td>(സി)</td><td>ഖരമാലിന്യ സംസ്കരണത്തിനായി പുതിയ പദ്ധതികളൊന്നും ആസൂത്രണം ചെയ്തിട്ടില്ല.</td></tr>
<tr><td>(ഡി)</td><td>ശുചിത്വ മിഷൻ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പുവർഷം ഇതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?</td><td>(ഡി)</td><td>ഖരമാലിന്യ സംസ്കരണത്തിനായി ശുചിത്വ മിഷൻ പുതിയ പദ്ധതികളൊന്നും ആലോചിച്ചിട്ടില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ